**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **07-02-2023 - ൽ മറുപടിയ്ക്ക്**

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ഇല്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ എത്ര സർക്കാർ സ്കൂളുകൾ (ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ) ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് സ്വന്തമായി സ്ഥലം ഇല്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ (ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ) 82 സർക്കാർ സ്‌കൂളുകളുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു . |
| (ബി) | പ്രസ്തുത സ്കൂളുകൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത സ്കൂളുകൾക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളു വിശദാംശം ചുവടെ ചേർക്കുന്നു .<br><br>തീക്കോയ് ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിനായി 22.06.2015 തീയതിയിലെ 1533/2015/HEdn നമ്പർ ഉത്തരവ് പ്രകാരം 81.08 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവാകുകയും, പ്രസ്തുത ഭൂമിയിൽ 740 ലക്ഷ രൂപയുടെ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായുള്ള ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട് .<br><br>കാവാലം ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിനായി 3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർ വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു .<br><br>അയവന സർക്കാർ ടെക്നിക്കൽ ഹൈ സ്കൂളിനായി 3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു .<br><br>ഇലഞ്ഞി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി 5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു . കുറിച്ചി സർക്കാർ ടെക്നിക്ക |

| | | | |
|---|---|---|---|
| | | | ഹൈസ്കൂളിനായി 1 ഏക്കർ 83 സെന്റ് കര ഭൂമിയും 1 ഏക്കർ 60 സെന്റ് നിലവും ചേർത്ത് ആകെ 3 ഏക്കർ 43 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിനായി 2ഏക്കർ 65 സെൻറ് സ്ഥലം ഏറ്റെടുക്കുന്നതിന 24.06.2017 ൽ ജി ഒ (ആർ ടി) 1210/2017/ ഉ.വി.വ പ്രകാരം ഉത്തരവാകുകയും തുടർന്ന് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ റിപ്പോർട്ട് കോട്ടയം ജില്ലാ കളക്ടർ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വയനാട് കുറിച്യർമല ഗവ .എൽ .പി സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 02.02. 2021 ൽ G .O (Ms) No .25 / 2021 / LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 58 ലക്ഷം രൂപയുടെ (അൻപത്തിയെട്ട് ലക്ഷം രൂപ മാത്രം ) ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>കൂടാതെ, സ്വന്തമായി സ്ഥല മില്ലാത്തതോ, സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന 2019 ലെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗ പ്രഖ്യാപനത്തിന്റെ തുടർ നടപടിയായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്കൂളുകളുടെ പ്രൊപ്പോസലുകൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ ക്രോഡീകരിച്ചുവരുന്നു.. |
| (സി) | ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുറിച്ചി ടെക്നിക്കൽ സ്കൂളിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി 1 ഏക്കർ 83 സെന്റ് കര ഭൂമിയും 1 ഏക്കർ 60 സെന്റ് നിലവും ചേർത്ത് ആകെ 3 ഏക്കർ 43 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സ്വന്തമായി സ്ഥലം ഇല്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ സർക്കാർ സ്കൂളുകളുടെ വിശദാംശം.**

### ആലപ്പുഴ

1.ടെക്നിക്കൽ ഹൈസ്കൂൾ കാവാലം.

### കോട്ടയം

2.ടെക്നിക്കൽ ഹൈസ്കൂൾ. തീക്കോയ്
3. ടെക്നിക്കൽ ഹൈസ്കൂൾ കുറിച്ചി
4. ടെക്നിക്കൽ ഹൈസ്കൂൾ കടപ്ലാമറ്റം.

### എറണാകുളം

5.G.U.P.S ഇടമലയാർ
6.G.F.L.P.S പനമ്പുക്കാട്.
7.ടെക്നിക്കൽ ഹൈസ്കൂൾ അയവന.
8. ടെക്നിക്കൽ ഹൈസ്കൂൾ ഇലഞ്ഞി.

### തൃശ്ശൂർ

9.G.M.L.P.S പുന്നയൂർ നോർത്ത്
10.G.L.P.S അണ്ടത്തോട്
11.G.W.L.P.S കൊരഞ്ഞിയൂർ
12.G.L.P.S ഇരട്ടപ്പുഴ
13.G.M.L.P.S വടക്കേക്കാട്
14.G.L.P.S പനങ്ങാട് നോർത്ത്
15.G.M.L.P.S ആല കോതപറമ്പ്
16.G.M.L.P.S ആമണ്ടൂർ
17.G.L.P.S മുകുന്ദപുരം
18.G.M.L.P.S വെങ്കിടങ്ങ്
19. R.S.S.R.V.M.G.H.S കുന്ദംകുളം

### പാലക്കാട്.

20.G.L.P.S – സീതാർക്കുണ്ട്
21.G.L.P.S - കരിപ്പോട്

22.G.L.P.S - വടവന്നൂർ

23.G.M.L.P.S - വടവന്നൂർ

24.G.L.P.S - പുതുനഗരം

25.G.L.P.S - ചെങ്ങനിയൂർ

26.G.L.P.S - വീസ്വലം

27.G.L.P.S - പെരുവെമ്പ്

28.G.J.B.S - പെരുവെമ്പ്

29.G.L.P.S - പൊറ്റശ്ശേരി ഈസ്റ്റ്

30.G.L.P.S - പുതുപ്പരിയാരം

31. G.H.S - കുഴൽമന്ദം.

**മലപ്പുറം**

32.G.H.S.S - പൊന്മുണ്ടം

33.G.B.U.P.S - തൃക്കുളം

34.G.M.U.P.S - കണ്ണമംഗലം

35.G.M.L.P.S - ചേറൂർ

36.G.M.L.P.S - മമ്പുറം

37.G.M.L.P.S - ചെറുകുന്ന്

38.G.M.L.P.S - നെടിയിരുപ്പ്

39.G.M.L.P.S - മേൽമുറി

40.G.M.L.P.S - കോൽമണ്ണ

41.G.M.L.P.S - അരീക്കോട്

42.G.L.P.S - മീനാർക്കുഴി

43.G.L.P.S - വെന്നിയൂർ

44.G.M.L.P.S - വെളിമുക്ക്

45.G.M.L.P.S - മുക്കട്ട.

**കോഴിക്കോട്**

46.G.F.L.P.S - മടക്കര

47.G.L.P.S - കരിങ്കല്ലായ്

48.G.L.P.S - ബാലുശ്ശേരി

49.G.L.P.S - പള്ളിയോത്
50.G.L.P.S - ഉള്ളിയേരി
51.G.M.L.P.S - ഉണ്ണിക്കുളം
52.G.U.P.S - കണ്ണൂർ
53. G.W.L.P.S - കൊളക്കാട്

**വയനാട്.**

54.G.L.P.S - കുറിച്യർമല
55.G.L.P.S - പുത്തുമല

**കണ്ണൂർ**

56.G.M.U.P.S - തെക്കുമ്പാട്
57.G.M.U.P.S - മാടായി
58.G.M.U.P.S - ഏഴോം
59.G.L.P.S - കുഞ്ഞിമംഗലം
60.G.M.L.P.S - കുഞ്ഞിമംഗലം
61.G.M.L.P.S - മാട്ടൂൽ
62.G.M.L.P.S - മടക്കര
63.G.M.L.P.S - ചാലാട്
64.G.M.L.P.S - പാപ്പിനിശ്ശേരി
65.G.U.P.S - ചാലാട്
66.G.M.L.P.S - അഴീക്കോട്
67.G.M.L.P.S - വെള്ളൂർ
68.G.M.L.P.S - പാലക്കോട്
69.G.M.U.P.S - രാമന്തളി
70.G.U.P.S - പാലക്കോട്
71.G.U.P.S - മൊകേരി ഈസ്റ്റ് (ഭാഗികം)
72.G.L.P.S - പുത്തൂർ
73.GLPS - കൊളവല്ലൂർ
74.G.L.P.S - കരിയാട്
75.G.L.P.S -പട്ടുവം

76.G.U.P.S - ദേവധാർ കണ്ടി

77.G.L.P.S - ചൊവ്വ

78.G.U.P.S - കതിരൂർ

79.G.L.P.S - രാമന്തളി

**കാസർഗോഡ്**

80.G.M.L.P.S - ഉത്യാവാർതോട്ട.

81.G.F.U.P.S - കോട്ടിക്കുളം

82.G.L.P.S - കുളനാട് ഓൾഡ്

Namitha P

**സെക്ഷൻ ഓഫീസർ**